മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ജൂൺ 4

# വാർത്താക്കുറിപ്പ്

---

## പരിസ്ഥിതി ദിനാചരണ പരിപാടി മന്ത്രി ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഈ വർഷത്തെ ലോക പരിസ്ഥിതി ദിനാചരണ പരിപാടികൾ മൃഗ സംരക്ഷണ-ക്ഷീര വികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു. പരിപാടിയുടെ ഭാഗമായി സർവ്വകലാശാല കാമ്പസിൽ ലളിതമായി സംഘടിപ്പിച്ച ചടങ്ങിൽ മന്ത്രി മാവിൻതൈ നട്ടു. കാമ്പസിൽ ഫല വൃക്ഷ ഉദ്യാനത്തിനായി ഒരുക്കിയ സ്ഥലത്താണ് പരിപാടി നടന്നത്. അഖിലേന്ത്യാ സമാധാന ഐക്യദാർഢ്യ സമിതിയുമായി സഹകരിച്ച് നടത്തിയ പരിപാടിയിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, സിൻഡിക്കേറ്റ് അംഗം ഡോ. എ. ജോസ്, രജിസ്ട്രാർ പ്രൊഫ. പ്രകാശ്കുമാർ ബി., പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, അഖിലേന്ത്യാ സമാധാന ഐക്യദാർഢ്യ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. ഡി.ബി. ബിനു, ജില്ലാ സെക്രട്ടറി ബൈജു വയലത്ത്, മറ്റ് ഭാരവാഹികൾ, സർവ്വകലാശാല ഫിനാൻസ് ഓഫീസർ ബിജു മാത്യു, ജോയിന്റ് രജിസ്ട്രാർ ബാബുരാജ് എ. വാര്യർ, സോഷ്യൽ ഫോറസ്ട്രി കോട്ടയം ഡിവിഷൻ - അസിസ്റ്റന്റ് കൺസർവേറ്റർ കെ.എ. സാജു, തുടങ്ങിയവർ പങ്കെടുത്തു.

നേരത്തെ സർവ്വകലാശാല ആസ്ഥാനത്ത് എത്തിച്ചേർന്ന മന്ത്രിയെ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു.

**ഫോട്ടോ ക്യാപ്ഷൻ:** മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നടന്ന പരിസ്ഥിതി ദിനാചരണ പരിപാടിയിൽ മന്ത്രി ജെ. ചിഞ്ചുറാണി വൃക്ഷത്തൈ നടുന്നു.

(പി.ആർ.ഒ./39/678/2022)

## ഡോ. ഇ.എൻ. ശിവദാസൻ എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ

മഹാത്മാഗാന്ധി സർവ്വകലാശാല നാഷണൽ സർവ്വീസ് സ്കീം പ്രോഗ്രാം കോ-ഓർഡിനേറ്ററായി ഡോ. ഇ എൻ. ശിവദാസൻ ചുമതലയേറ്റു. സെന്റ് തോമസ് കോളേജ് - കോഴഞ്ചേരി, ടി.കെ.കെ.എം. കോളേജ് - ഹരിപ്പാട്, എസ്.എൻ. കോളേജ് - ചേർത്തല എന്നിവിടങ്ങളിൽ അധ്യാപകനായും ആലത്തൂർ എസ്.എൻ കോളേജിൽ പ്രിൻസിപ്പലായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. മനുഷ്യാവകാശങ്ങളുമായി ബന്ധപ്പെട്ട് നിരവധി ലേഖനങ്ങളും ഡോ. ശിവദാസിന്റേതായി പ്രസിദ്ധീകൃതമായിട്ടുണ്ട്. സർവ്വകലാശാല കാമ്പസിലേയും അഫിലിയേറ്റഡ് കോളേജുകളിലേയും

നാഷണൽ സർവ്വീസ് സ്കീം പ്രവർത്തനങ്ങളുടെ മേൽനോട്ട ചുമതല പ്രോഗ്രാം കോ-ഓർഡിനേറ്റർക്കാണ്.

**ഫോട്ടോ ക്യാപ്ഷൻ:** ഡോ. ഇ എൻ. ശിവദാസൻ

(പി.ആർ.ഒ./39/679/2022)

## പരീക്ഷാ തീയതി

പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി - ബി.എ. എൽ.എൽ.ബി / ബി.കോം. എൽ.എൽ.ബി./ ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) ആറാം സെമസ്റ്റർ (2018 അഡ്മിഷൻ - റെഗുലർ), എട്ടാം സെമസ്റ്റർ (2017 അഡ്മിഷൻ - റെഗുലർ) പരീക്ഷകൾ ജൂൺ 15 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/680/2022)

പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി - ബി.എ. എൽ.എൽ.ബി / ബി.കോം. എൽ.എൽ.ബി./ ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) ഒന്നാം സെമസ്റ്റർ (2021 അഡ്മിഷൻ - റെഗുലർ), രണ്ടാം സെമസ്റ്റർ (2020 അഡ്മിഷൻ - റെഗുലർ), മൂന്നാം സെമസ്റ്റർ (2019 അഡ്മിഷൻ - റെഗുലർ) പരീക്ഷകൾ ജൂൺ 14 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/681/2022)

## പ്രായോഗിക പരീക്ഷ

മൂന്നാം സെമസ്റ്റർ ബി.എഡ്. (2020 അഡ്മിഷൻ - റെഗുലർ / സപ്ലിമെന്ററി - രണ്ട് വർ കോഴ്സ് - ക്രെഡിറ്റ് ആന്റ് സെമസ്റ്റർ) പ്രായോഗിക പരീക്ഷ ജൂൺ ഒമ്പത് മുതൽ 24 വരെ സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

(പി.ആർ.ഒ./39/682/2022)

പി.സി. സുരേഷ് കുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ